പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 584 — 27.2.2018 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ; | എ) | കെ.റ്റി.ഡി.സി.യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പണി നടന്നുകൊണ്ടിരുന്ന മാസ്കറ്റ് ഹോട്ടലിന്റെ 36 റൂമുകൾ പൂർത്തീകരിച്ച് ഗസ്റ്റ് ഹൗസിന് തുറന്നു കൊടുത്തു. പൊന്മുടിയിൽ പതിനാല് പുതിയ കോട്ടേജുകൾ പണി നടന്നു കൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവ്വീസാരംഭിച്ചു. കെ.ടി.ഡി.സിയുടെ നിലവിലുളള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്താനുളള നടപടികൾ പുരോഗമിക്കുകയാണ്. |
| ബി) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിന് കെ.റ്റി.ഡി.സി. ആഡംബര ബസ് ടൂർ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | ബി) | കെ.റ്റി.ഡി.സി. തിരുവനന്തപുരം ആസ്ഥാനമാക്കി രണ്ട് ആഡംബര ബസ്സുകളുടെയും, കൊച്ചി ആസ്ഥാനമാക്കി ഒരു ആഡംബര ബസ്സിന്റെയും സർവ്വീസ് ആരംഭിച്ചു. |
| സി) | കെ.റ്റി.ഡി.സി.യുടെ കീഴിൽ കന്യാകുമാരിയിൽ നക്ഷത്ര ഹോട്ടൽ തുടങ്ങുവാൻ പദ്ധതിയുണ്ടോ; എങ്കിൽ, ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുളളത് എന്ന് അറിയിക്കുമോ? | സി) | കെ.റ്റി.ഡി.സി.യുടെ കീഴിൽ കന്യാകുമാരിയിൽ നക്ഷത്ര ഹോട്ടൽ തുടങ്ങുവാൻ പദ്ധതിയുണ്ട്. ഇതിനായി 17.60 കോടിയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ